**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5542** **03-11-2021 - ൽ മറുപടിയ്ക്ക്**

**പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | 6.62 കോടി രൂപ എസ്റ്റിമേറ്റിൽ പണിയുന്ന ലേഡീസ് ഹോസ്റ്റൽ പുതിയ ബ്ലോക്കിന്റെ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം അവസാന ഘട്ടത്തിലാണ്. 58.60 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള സെൻട്രൽ റിസർച്ച് ലാബ് കെട്ടിടത്തിന്റേയും 26 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള ആനിമൽ ഹൗസ് കെട്ടിടത്തിന്റേയും നിർമ്മാണത്തിനുള്ള പ്രാഥമിക നടപടികൾ പി.ഡബ്ല്യൂ.ഡി. ആരംഭിച്ചിട്ടുണ്ട്. 30 ലക്ഷം രൂപ എസ്റ്റിമേറ്റിൽ പണിയുന്ന സി. ബ്ലോക്ക് കെട്ടിടത്തിന് മുകളിൽ ട്രസ് റൂഫ് നിർമ്മിക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. നിലവിലുള്ള ആശുപത്രിയുടെ ഒ.പി. ബ്ലോക്കിന്റെ മുകളിൽ 1.92 കോടി രൂപ എസ്റ്റിമേറ്റിൽ പണിയുന്ന പേവാർഡ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പി.ഡബ്യൂ.ഡി. ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പുതിയതായി ആരംഭിച്ച പി.ജി. കോഴ്സും യു.ജി. കോഴ്സുകളിലേ കുള്ള കുട്ടികളുടെ വർദ്ധനവും പരിഗണിച്ച് പുതിയ അക്കാദമിക്ക് ബ്ലോക്ക് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പുതിയ അക്കാദമിക് ബ്ലോക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പി.ഡബ്ല്യൂ.ഡി. 87 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സമർപ്പിച്ചതു പ്രകാരം ഭരണാനുമതിയ്ക്കായി പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ബേസ്മെന്റ് ഫ്ലോർ, ഗ്രൗണ്ട് ഫ്ളോർ എന്നിവ നിർമ്മിക്കുന്നതിന് പി.ഡബ്യൂ.ഡി. 24.69 കോടി രൂപയുടെ എസ്റ്റിമേറ്റ് സഹിതം വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (DPR) തയ്യാറാക്കി സമർപ്പിക്കുമെന്ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (സി) | നബാർഡിലോ കിഫ്ബിയിലോ ഉൾപ്പെടുത്തി അക്കാദമിക്ക് ബ്ലോക്ക് നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ.)ലഭ്യമാകുന്ന മുറയ്ക്ക് നബാർഡ് മുഖേനയോ KIIFB മുഖേനയോ ഫണ്ട് ലഭിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ